**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1132** **02-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം നഗരസഭകളിലാണ് കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ഇവ ഓരോന്നും ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് വിശദമാക്കാമോ; | (എ) | **അമൃത് 1.0** പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ കോഴിക്കോട് നഗരസഭ മാത്രമാണ് ഉൾപ്പെട്ടിരുന്നത്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) കോഴിക്കോട് ജലവിതരണ പദ്ധതി 02/03/2023 ലെ G.O. (Rt) No.523/2023/LSGD പ്രകാരം 111.33 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. ഇതിലുൾപ്പെട്ട 139 പ്രവൃത്തികളിൽ 135 പ്രവൃത്തികൾ പൂർത്തിയാക്കി. ഒരു പ്രവൃത്തി അവസാനഘട്ടത്തിലാണ്. ബാക്കി വരുന്ന 3 പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല (വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു).<br><br>1. പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തി -അമൃത് 1.0 - കോഴിക്കോട് കുടിവെള്ള പദ്ധതി – മലാപറമ്പ സോൺ - മലാപറമ്പ മുതൽ എരഞ്ഞിപ്പാലം കുടിവെള്ള ടാങ്ക് വരെ പഴയ പ്രിമോ പൈപ്പ് ലൈൻ മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തി<br><br>2. 23/01/2024-ലെ G.O.(Rt)No.182/2024/LSGD, പ്രകാരം 10.77 കോടി രൂപയ്ക്ക് "അമൃത്-1.0 – കോഴിക്കോട് കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ജിക്ക (JICA) സഹായത്തോടെ നടപ്പാക്കുന്ന ജലവിതരണ പദ്ധതി – ഇൻസ്ട്രുമെന്റേഷൻ പ്രവർത്തനങ്ങളും SCADA സംവിധാനവും, ഇലക്ട്രോമാഗ്നറ്റിക് ഫ്ലോ മീറ്റർ, ബട്ടർഫ്ലൈ വാൽവ്, ഓട്ടോമേഷൻ എന്നിവയുടെ വിതരണം – ജനറൽ സിവിൽ വർക്ക്" ഈ പ്രവൃത്തിയുടെ 85 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ജലവിതരണം നടന്നു കൊണ്ടിരിക്കുന്ന പ്രധാന പൈപ്പുകളിൽ വാൽവുകൾ ഘടിപ്പിക്കുന്ന പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. ഈ 10.77 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ സാമ്പത്തികാനുമതിയിൽ 2.39 കോടി രൂപയ്ക്ക് കോർപ്പറേഷനിൽ 5.11.2025 ന് നടന്ന സാധാരണ കൗൺസിൽ യോഗത്തിൽ 183-ആം നമ്പർ തീരുമാന പ്രകാരം 6 പദ്ധതികൾ കൂടി ഉൾപ്പെടുത്തി. ഇതിൽ 5 പ്രവൃത്തികൾ പൂർത്തിയാക്കി. 1 പ്രവൃത്തി അവസാനഘട്ടത്തിലാണ്.<br><br>3. 10/11/2025-ലെ G.O.(Rt)No.2767/2025/LSGD പ്രകാരം "കോഴിക്കോട് ജലവിതരണ പദ്ധതി – വാർഡ് 32, 33 എന്നിവിടങ്ങളിൽ വിതരണ ശൃംഖലയുടെ വിപുലീകരണവും FHTC (ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷൻ)" നൽകുന്നതുമായി ബന്ധപ്പെട്ട ജനറൽ സിവിൽ വർക്ക് എന്ന പ്രവൃത്തിക്ക് 74 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തി 60% പൂർത്തിയാക്കി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>4. ഇന്റഗ്രേറ്റഡ് കോഴിക്കോട് ജലവിതരണ പദ്ധതി (WSP) ഘട്ടം II – (AS No G O (Rt) No. 5/2018/LSGD Amounting 46.55 crores) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 10 സോണുകളിലായി വിതരണ ലൈൻ സ്ഥാപിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചതാണ്.<br><br><u>അമൃത് **2.0**</u> പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ കോഴിക്കോട് കോർപ്പറേഷൻ, രാമനാട്ടുകര ഫെറോക്ക്, കൊടുവള്ളി, വടകര, കൊയിലാണ്ടി, മുക്കം, പയ്യോളി എന്നീ നഗരസഭകളിൽ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. വിശദാംശങ്ങൾ <u>**അനുബന്ധം 2**</u> ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ പദ്ധതിയിൽ നഗരസഭകളുടെ വിഹിതം എത്ര വീതമാണെന്ന് വിശദമാക്കാമോ; | (ബി) | അമൃത് 1.0 - കോർപ്പറേഷൻ വിഹിതം - 20 %<br><br>അമൃത് 2.0 - കോർപ്പറേഷൻ വിഹിതം - 33.33%<br><br>മുൻസിപ്പാലിറ്റി വിഹിതം - 12.5% |
| (സി) | ഏതെങ്കിലും നഗരസഭ ഈ ഇനത്തിൽ പണം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | സാധാരണഗതിയിൽ അമൃത് വർക്കുകളുടെ ബിൽ പേയ്മെന്റ് നഗരസഭകൾ നേരിട്ടാണ് നടത്തുന്നത്. ആയതിനാൽ നഗരസഭാ വിഹിതം വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യാറില്ല. എന്നാൽ അമൃത് 1.0 പ്രവൃത്തികളുടെ കാലാവധി നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി നീട്ടിയിരിക്കുന്ന സാഹചര്യത്തിൽ കരാറിൽ ഏർപ്പെട്ടിരിക്കുന്ന വർക്ക് തുക ഉറപ്പാക്കുന്നതിലേയ്ക്കായി അമൃത് 1.0 പദ്ധതിയുടെ ചെലവിലേക്കായി 111.33 കോടി രൂപ കോഴിക്കോട് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ കോഴിക്കോട് ഡിവിഷനിൽ അടവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| LA Unstarred Qn. No. 1132: AMRUT WORKS UNDER KOZHIKODE | | | | |
|---|---|---|---|---|
| **AMRUT 2.0** | | | | |
| **Sl. No.** | **MUNICIPALITY/ PANCHAYATH** | **Name of work** | **AS DETAILS** | **Status** |
| 1 | വടകര മുൻസിപ്പാലിറ്റി | അമൃത് 2.0-വടകര മുൻസിപ്പാലിറ്റിയിലേക്കുള്ള കുടിവെള്ള പദ്ധതി ( 4 പാക്കേജുകൾ )**പാക്കേജ് I**.വീരഞ്ചേരിയിൽ 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതലജലസംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും | ` | (100% പൂർത്തീകരിച്ചു ) |
| 2 | വടകര മുൻസിപ്പാലിറ്റി | അമൃത് 2.0-വടകര മുൻസിപ്പാലിറ്റിയിലേക്കുള്ള കുടിവെള്ള പദ്ധതി **പാക്കേജ് II.** വടകര പുതിയാപ്പിൽ 20 ലക്ഷം ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതലജലസംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും | | (80% പൂർത്തീകരിച്ചു ) |
| 3 | വടകര മുൻസിപ്പാലിറ്റി | അമൃത് 2.0-വടകര മുൻസിപ്പാലിറ്റിയിലേക്കുള്ള കുടിവെള്ള പദ്ധതി **പാക്കേജ് III** കുരങ്കോട്ടുകടവ്റൊ വാട്ടർ പമ്പ്ഹൗസിൽ 750kva ട്രാൻസ്ഫോർമർ വിതരണംചെയ്ത് , സ്ഥാപിച്ച് കമ്മീഷൻചെയ്യുവന്ന പ്രവൃത്തി | | (100% പൂർത്തീകരിച്ചു ) |
| 4 | വടകര മുൻസിപ്പാലിറ്റി | അമൃത് 2.0-വടകര മുൻസിപ്പാലിറ്റിയിലേക്കുള്ള കുടിവെള്ള പദ്ധതി **പാക്കേജ് IV**.കാപ്പുമല 13 MLD പപ്ലാന്റിന്റെ നവീകരണ പ്രവൃത്തി | | (76% പൂർത്തീകരിച്ചു ) |
| 5 | കൊയിലാണ്ടി മുൻസിപ്പാലിറ്റി | **2.**അമൃത് 2.0-കൊയിലാണ്ടി മുൻസിപ്പാലിറ്റിയിലേക്കുള്ള കടിവെള്ള പദ്ധതി -വിവിധ വാർഡുകളിൽ ഗാർഹികകണക്ഷനുകൾ നൽകുന്ന പ്രവൃത്തി (69% പൂർത്തീകരിച്ചു ) | (Amount 22.63cr) G.O.(Rt)No.473/2023/LSGD, Dtd:23.02.2023 | (69% പൂർത്തീകരിച്ചു ) |
| 6 | കോഴിക്കോട് കോർപറേഷൻ | (അമൃത്-2.0 - കോഴിക്കോട് ജലവിതരണ പദ്ധതി - പെരുവണ്ണാമുഴി ജലശുദ്ധീകരണ പ്ലാന്റിന്റെ ശേഷി 174 എംഎൽഡി മുതൽ 210 എംഎൽഡിയായി വർധിപ്പിക്കൽ (വിപുലീകരണ ഘട്ടം - II) കൂടാതെ അനുബന്ധ പ്രവർത്തനങ്ങൾ - ജനറൽ സിവിൽ വർക്ക് | (Amount 45.77cr) G.O.(Rt)No.2763/2025/LSGD, Dtd:10.11.2025(Revised) | 20 % പൂർത്തീകരിച്ചിട്ടുണ്ട്. |
| 7 | പയ്യോളി മുനിസിപ്പാലിറ്റി | അമൃത് 2.0 - പയ്യോളി മുനിസിപ്പാലിറ്റിയിലേക്കുള്ള UWSS പദ്ധതി - 22 ലക്ഷം ലിറ്റർ ശേഷിയുള്ള OHSR ന്റെ നിർമാണം, പരിശോധന, കമ്മീഷനിംഗ്, ട്രയൽ റണ്ണിംഗ്; ശുദ്ധജല ട്രാൻസ്മിഷൻ മെയിൻയും വിതരണ സംവിധാനവും വിതരണവും സ്ഥാപിക്കലും പരിശോധനയും കമ്മീഷനിംഗം; പ്രവർത്തനക്ഷമമായ ഗൃഹ ജലടാപ്പ് കണക്ഷനുകൾ നൽകൽ - പൈപ്പ്ലൈൻ വർക്ക് | (Amount 15.42 cr) . G.O.(Rt)No.473/2023/LSGD, Dtd:23.02.2023 | 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| 8 | പയ്യോളി മുനിസിപ്പാലിറ്റി | അമൃത്-2.0 - പയ്യോളി മുനിസിപ്പാലിറ്റിയിലേക്കുള്ള UWSS പദ്ധതി - ഘട്ടം 2 - വിതരണ സംവിധാനത്തിന്റെ വിതരണം, സ്ഥാപിക്കൽ, പരിശോധന, കമ്മീഷനിംഗ് എന്നിവയും പ്രവർത്തനക്ഷമമായ ഗൃഹ ജലടാപ്പ് കണക്ഷനുകൾ നൽകലും - പൈപ്പ്ലൈൻ വർക്ക് | (amounting 19.98cr) G.O.(Rt)No.2263/2024/LSGD, Dtd:22.11.2024 | 20 % പൂർത്തീകരിച്ചിട്ടുണ്ട്. |

| ക്രമ നം | നഗര പ്രാദേശിക ഭരണസ്ഥാപനം | പ്രവൃത്തിയുടെ പേര് | | പ്രവൃത്തി പുരോഗതി |
|---|---|---|---|---|
| | | അമൃത് കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ | | |

| | | | | |
|---|---|---|---|---|
| 1 | രാമനാട്ടുകര മുനിസിപാലിറ്റി | അമൃത്-2.0 - കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ പൈപ്പ് ലൈൻ വിപുലീകരണവും റെട്രോഫിറ്റിംഗും നടത്തി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ - പൈപ്പ് ലൈൻ പ്രവൃത്തി | (amounting 9.62 cr) G.O.(Rt)No.473/2023/LSGD, Dtd:23.2.23 | 55% പൂർത്തിയാക്കി |
| 2 | കോഴിക്കോട് കോർപ്പൊറേഷൻ | അമൃത് 2.0 പ്രാധാന്യം 2 - നെല്ലിക്കോട് പ്രദേശത്തും സമീപ പ്രദേശങ്ങളിലും 24x7 ജലവിതരണ പദ്ധതി | (amounting 4.14 cr) G.O.(Rt)No.2263/2024/LSGD, Dtd:23.2.23 | 11% പൂർത്തിയാക്കി |
| 3 | കോഴിക്കോട് കോർപ്പൊറേഷൻ | "അമൃത് 2.0 പ്രാധാന്യം 2 - എടക്കാട് പ്രദേശത്തും സമീപ പ്രദേശങ്ങളിലും 24x7 ജലവിതരണ പദ്ധതി | (amounting 4.53 cr) G.O.(Rt)No.2263/2024/LSGD, Dtd23.2.23 | 60% പൂർത്തിയാക്കി പിഡബ്ല്യുഡി യിൽ നിന്നും റോഡ് കട്ടിങ് അനുമതി ലഭിക്കേണ്ടതുണ്ട് |
| 4 | ഫെറോക്ക് മുനിസിപ്പാലിറ്റി | "അമൃത്-2.0 - കോഴിക്കോട് ജില്ലയിൽ ഫറോക്ക് മുനിസിപ്പാലിറ്റിയിൽ പൈപ്പ് ലൈൻ വിപുലീകരണവും റെട്രോഫിറ്റിംഗും നടത്തി ഗൃഹനാഥ കുടിവെള്ള കണക്ഷനുകൾ (FHTC) നൽകൽ - പൈപ്പ് ലൈൻ പ്രവൃത്തി | (amounting 9.89 cr) G.O.(Rt)No.2263/2024/LSGD, Dtd:23.2.23 | 50% പൂർത്തിയാക്കി |
| 5 | കോഴിക്കോട് കോർപ്പൊറേഷൻ | അമൃത്-2.0 - കോഴിക്കോട് ജലവിതരണ പദ്ധതി - തളി പുതിയപാലം റോഡിലെ പഴയതും കേടായതുമായ 400mm എസി പൈപ്പ് മാറ്റി 400mm ഡി. ഐ K9 പൈപ്പ് സ്ഥാപിക്കൽ (കോഴിക്കോട് കോർപ്പറേഷൻ ഡിവിഷൻ നമ്പർ 59) | (amounting1.74 cr) G.O.(Rt)No.2763/2025/LSGD, Dtd:10.11.2025(Revised) | പ്രവൃത്തി പൂർത്തിയാക്കി |
| 6 | മുക്കം മുനിസിപാലിറ്റി | "അമൃത് - മുക്കം മുനിസിപ്പാലിറ്റിയിലേക്കുള്ള നഗര ജലവിതരണ പദ്ധതി (UWSS) - ഇല്ലങ്കൽ റിസർവോയറിൽ നിന്ന് മുക്കം സോൺ 1-ലേക്ക് പുതിയ വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTC) നൽകൽ - പൊതുവായ സിവിൽ പ്രവൃത്തി | (amounting 12.44 cr) G.O.(Rt)No.2263/2024/LSGD, Dtd:23.2.23 | 36% പ്രവൃത്തി പുരോഗതി പിഡബ്ല്യുഡി യിൽ നിന്നും റോഡ് കട്ടിങ് അനുമതി ലഭിക്കേണ്ടതുണ്ട് |
| 7 | കൊടുവള്ളി മുനിസിപാലിറ്റി | കോഴിക്കോട് ജില്ലയിൽ കോടുവള്ളി മുനിസിപ്പാലിറ്റിയിലേക്കുള്ള ജലവിതരണ പദ്ധതി (WSS) - ഗൃഹനാഥ കുടിവെള്ള കണക്ഷനുകൾ (FHTC) നൽകൽ, 10 ലക്ഷം ലിറ്റർ ശേഷിയുള്ള GLSR (ഗ്രൗണ്ട് ലെവൽ സർവീസ് റിസർവോയർ) നിർമ്മാണം | (amounting 14.38 cr) G.O.(Rt)No.1906/2023/LSGD, Dtd:26.9.23 | പൈപ്പ് വിതരണം കഴിഞ്ഞു. റോഡ് റീസ്റ്റോറേഷൻ തുക പിഡബ്ല്യുഡി യിൽ അടച്ചിട്ടുണ്ട്. അനുമതിക്കായി കത്തിരിക്കുന്നു |
| 8 | കൊയിലാണ്ടി മുനിസിപാലിറ്റി | കൊയിലാണ്ടി നഗരസഭക്കുള്ള കുടിവെള്ള പദ്ധതി | amounting 22.62 cr) G.O.(Rt)No.473/2023/LSGD, Dtd:23.2.23 | 70%, 15000 കണക്ഷൻ നല്കാനുള്ളതിൽ 12184 കണക്ഷനുകൾ നൽകിയിട്ടുണ്ട് |
| 9 | മുക്കം മുനിസിപാലിറ്റി | "അമൃത് 2.0 - മുക്കം മുനിസിപ്പാലിറ്റിയിലേക്കുള്ള നഗര ജലവിതരണ പദ്ധതി (UWSS) - 18 ലക്ഷം ലിറ്റർ ശേഷിയുള്ള ഓവർഹെഡ് സർവീസ് റിസർവോയർ (OHSR) നിർമ്മാണം, പരിശോധന, കമ്മീഷൻ ചെയ്യൽ, ട്രയൽ റണ്ണിംഗ്, കൂടാതെ ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTC) നൽകൽ. | **amounting 6.03 cr) G.O.(Rt)No2263/2024/ LSGD, Dtd 22.11.24** | പ്രവൃത്തി ഉത്തരവ് നല്കി. ഉടമ്പടി ഒപ്പ് വെക്കേണ്ടതുണ്ട് (കോൺട്രാക്ടർ അന്തരിച്ചതിനാൽ . പ്രവൃത്തി Z M ഇൻഫ്രാപ്രോജക്റ്റ്സിന് കൈമാറി) |

**<u>അംഗീകാരം ലഭിച്ച പുതിയ പ്രവൃത്തികൾ കോഴിക്കോട് കോർപ്പറേഷൻ as per GO (Rt) No. 2763/2025/LSGD DTD 10.11.2025</u>**

| | ക്രമ നം. | പ്രവൃത്തിയുടെ പേര് | പുരോഗതി |
|---|---|---|---|
| 1 | കോഴിക്കോട് കോർപ്പറേഷൻ | അമൃത്-2 - മെഡിക്കൽ കോളേജിലേക്കുള്ള ജലവിതരണ പദ്ധതി (WSS) മെച്ചപ്പെടുത്തൽ - ജൈക്ക OHSR-ൽ നിന്ന് മെഡിക്കൽ കോളേജിലെ പഴയ പമ്പ് ഹൗസിലെ സംപിലേക്ക് 300 മില്ലീമീറ്റർ DI പൈപ്പ് വിതരണവും സ്ഥാപിക്കുകയും ചെയ്യൽ | പൈപ്പ് വിതരണം കഴിഞ്ഞു |

| | | | |
|---|---|---|---|
| 2 | കോഴിക്കോട് കോർപ്പറേഷൻ | പൂളാടിക്കുന്നിൽ നിലവിലുള്ള ഓവർഹെഡ് സർവീസ് റിസർവോയർ (OHSR) പൊളിച്ച് 5 ലക്ഷം ലിറ്റർ ശേഷിയുള്ള പുതിയ OHSR പുനർനിർമ്മാണം | ടാങ്ക് പൊളിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി പൂർത്തിയാക്കി<br>ടാങ്ക് നിർമാണം ആരംഭിക്കാനുണ്ട് |
| 3 | കോഴിക്കോട് കോർപ്പറേഷൻ | ബാലൻസ് വർക്ക് – കോഴിക്കോട് കോർപ്പറേഷന്റെ എലത്തൂർ സോണിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTC) നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ | ടെണ്ടർ അംഗീകാരം ലഭിക്കാനുണ്ട് |
| 4 | കോഴിക്കോട് കോർപ്പറേഷൻ | പഴയ AC പൈപ്പ് മാറ്റൽ – സെക്ഷൻ I/II യിലെ വിവിധ ഡിവിഷനുകളിൽ പഴയതും ഉപയോഗയോഗ്യമല്ലാത്തതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, പൈപ്പ് ലൈൻ വിപുലീകരണം, ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകൽ (ഭാഗം III) – പൈപ്പ് ലൈൻ പ്രവൃത്തി | പ്രവൃത്തി ഉത്തരവ് നല്കി |
| 5 | കോഴിക്കോട് കോർപ്പറേഷൻ | അമൃത്–2.0 – കോഴിക്കോട് ജലവിതരണ പദ്ധതി – ചെറുവണ്ണൂർ സോൺ – ചെറുവണ്ണൂർ സന്ദീപ് ഉണ്ണികൃഷ്ണൻ റോഡ് – ബാലൻസ് വർക്ക് | ടെണ്ടർ അംഗീകരിക്കേണ്ടതുണ്ട് |
| 6 | കോഴിക്കോട് കോർപ്പറേഷൻ | അമൃത് 2.0 – കോഴിക്കോട് ജലവിതരണ പദ്ധതി – പഴയതും ഉപയോഗയോഗ്യമല്ലാത്തതുമായ പൈപ്പുകൾ മാറ്റി 160 mm PVC പൈപ്പ് സ്ഥാപിക്കൽ, കൂടാതെ റെവന്യൂ വാർഡുകൾ 25, 26, 27, 29 (സെക്ഷൻ 2/1) ൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകൽ. | പ്രവൃത്തി ഉത്തരവ് നല്കി |
| 7 | കോഴിക്കോട് കോർപ്പറേഷൻ | എരവത്തുകുന്ന് സൗത്ത് സോൺ – മാങ്കാവ് ജംഗ്ഷൻ ക്രോസിംഗിൽ 600 mm DI പൈപ്പ് സ്ഥാപിക്കൽ, കൂടാതെ മാങ്കാവിൽ നിന്ന് മീഞ്ചന്ത ജംഗ്ഷൻ വരെ റോഡിന്റെ ഇരുവശങ്ങളിലും 200 mm PVC പൈപ്പ് സ്ഥാപിക്കൽ | ടെണ്ടർ പ്രസിദ്ധീകരിച്ചു.<br>അവസാന തീയതി – 27.1.2026<br>ടെണ്ടർ തുറക്കുന്ന തീയതി – 28.1.2026 |

# AMRUT 1.0

| റദ്ദാക്കിയ പ്രവൃത്തികൾ | | | |
|---|---|---|---|
| **ക്രമ നം** | **പ്രവൃത്തിയുടെ പേര്** | **സാങ്കേതികാനുമതി തുക** | **പ്രവൃത്തി റദ്ദാക്കിയതിന്റെ കാരണം** |
| 1 | പ്രൊവിഡൻസ് കോളേജ് പ്രദേശത്തെ ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി മലാപറമ്പിൽ ബൂസ്റ്റർ സൗകര്യം ഒരുക്കൽ – പൈപ്പ് ലൈൻ പ്രവൃത്തി | 370 ലക്ഷം | റോഡ് കട്ടിങ് അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി ഉപേക്ഷിക്കേണ്ടതായി വന്നു |
| 2 | കോഴിക്കോട് കുടിൽതോട് റോഡിൽ കേടായ പഴയ 110mm എച്ച്.ഡി.പി.ഇ പൈപ്പ് മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തി | 1.8 ലക്ഷം | റോഡ് ടാറിങ് കഴിഞ്ഞതിനാൽ റോഡ് കട്ടിങ് അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി ഉപേക്ഷിക്കേണ്ടതായി വന്നു |
| 3 | കുണ്ടുപറമ്പ് ഹൈ സ്കൂളിന് പിറക് വശത്തുള്ള പഴയതും കേടായതുമായ 90 mm പിവിസി പൈപ്പ് ലൈൻ മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തി | 1.95 ലക്ഷം | റോഡ് ടാറിങ് കഴിഞ്ഞതിനാൽ റോഡ് കട്ടിങ് അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി ഉപേക്ഷിക്കേണ്ടതായി വന്നു |